(ബി) അടിസ്ഥാന ശമ്പളത്തിന്റെ 9% ആണ് ആകെ നൽകുവാനുള്ളത്.

(സി) 5% ക്ഷാമബത്തയ്ക്ക് 13.5 കോടി രൂപയും, 1% ക്ഷാമബത്തയ്ക്ക് 2.7 കോടി രൂപയും, 3% ക്ഷാമബത്തയ്ക്ക് 8.1 കോടി രൂപയും ഉൾപ്പെടെ ആകെ പ്രതിമാസം 24.3 കോടി രൂപ ചെലവുവരും.

(ഡി) സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ക്ഷാമ ബത്ത അനുവദിക്കുന്നതാണ്.

ക്ഷാമബത്ത കുടിശ്ശിക

32 (364) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക്, കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് കൊടുത്തുവരുന്ന ക്ഷാമബത്തയ്ക്ക്, സമമായ ക്ഷാമബത്ത നൽകുന്ന കാര്യത്തിൽ ഇപ്പോൾ എത്ര ഗഡു കുടിശ്ശിക ഉണ്ടായിട്ടുണ്ട്;

(ബി) എന്നു മുതലുള്ള ഡി.എ. കുടിശ്ശിക കൊടുക്കുവാനുണ്ട്; ശമ്പള ത്തിന്റെ എത്ര ശതമാനം വരുന്ന ഡി.എ. കുടിശ്ശികയാണ് ഇനി കൊടുക്കുവാനുള്ളത്;

(സി) ഈ കുടിശ്ശിക എന്നത്തേയ്ക്ക് കൊടുക്കുവാനുദ്ദേശിക്കുന്നു;

(ഡി) ഇത് രൊക്കം പണമായി കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാര ണമെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക്, കേന്ദ്ര സർക്കാർ ജീവന ക്കാർക്ക് കൊടുത്തുവരുന്നതിന് സമമായ മൂന്നു ഗഡു ക്ഷാമബത്ത കൂടി ഇനിയും നൽകുവാനുണ്ട്.

(ബി) 1.7.99 മുതലുള്ള ഡി.എ. കുടിശ്ശിക കൊടുക്കുവാനുണ്ട്. അടി സ്ഥാനശമ്പളത്തിന്റെ 9% ആണ്. ആകെ ഡി.എ. കുടിശ്ശികയായി നൽകുവാനു ള്ളത്. ഇതിൽ 1.7.99 മുതലുള്ള 5%, 1.1.2000 മുതലുള്ള 1%, 1.7.2000 മുതലുള്ള 3% എന്നീ ഗഡുക്കൾ ഉൾപ്പെടുന്നു.

(സി)&(ഡി) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെ ടുന്ന മുറയ്ക്ക് ഡി.എ. കുടിശ്ശിക നൽകുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ വായ്പ

33 (365) ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽനിന്നും എത്ര കോടിരൂപ വായ്പയായി എടുത്തി ട്ടുണ്ട്;

(ബി) ഇത് എന്നത്തേയ്ക്ക് തിരികെ കൊടുക്കാൻ സാധിക്കും;

LIBRARY ARCHIVES Kerala Legislative Assembly